ലക്കം 5

# ഗോസ്പൽ ട്രൂത്ത്

**അഖിലലോക സുവിശേഷ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുവാനുതകുന്ന വേദപുസ്തക സത്യങ്ങൾ**

For Private Circulation only

## ഇതാ ഞാൻ വേഗം വരുന്നു

"ഞങ്ങൾ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ശക്തിയുടെ പ്രത്യക്ഷതയും നിങ്ങളോട് അറിയിച്ചത് നിർമ്മിത കഥകളെ പ്രമാണിച്ചിട്ടല്ല, അവന്റെ മഹിമകണ്ട സാക്ഷികളായിത്തീർന്നിട്ടത്രെ"..... പ്രവാചക വാക്യവും അധികം സ്ഥിരമായിട്ട് നമുക്കുണ്ട്. നേരം വെളുക്കുകയും നിങ്ങളുടെ ഹൃദയങ്ങളിൽ ഉദയനക്ഷത്രം ഉദിക്കുകയും ചെയ്യുവോളം ഇരുണ്ട സ്ഥലത്തു പ്രകാശിക്കുന്ന വിളക്കുപോലെ അതിനെ കരുതികൊണ്ടാൽ നന്ന് .

ഒരു ക്രിസ്ത്യാനിയുടെ വിശ്വാസവും ജീവിതവും അടിസ്ഥാനമായിരിക്കുന്നത്, കെട്ടുകഥകളിലോ മാലാഖമാരുടെ മാസ്മര കഥകളിലോ അല്ല മറിച്ച് ഏകദേശം രണ്ടായിരം വർഷങ്ങൾക്ക് മുൻപ് ഉണ്ടായിട്ടുള്ള നൂറുകണക്കിനുള്ള പ്രവചനത്താലുള്ള അടിത്തറയിലത്രെ. യേശു മശീഹായുടെ ജനനം, മരണം, പുനുരുത്ഥാനം തുടങ്ങിയവ പഴയ നിയമപ്രവാചകന്മാർ കൃത്യമായി പ്രവചിച്ചിരുന്നു.

ബൈബിളിൽ പരാമർശിച്ചിട്ടുള്ള പ്രവചനങ്ങൾ അക്ഷരംപ്രതി സംഭവിക്കുകയും ചെയ്തിട്ടുണ്ട്. രചിക്കപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങളിൽവച്ച് തികച്ചും വ്യത്യസ്തവും യഥാർത്ഥവും വിശ്വാസയോഗ്യതയുള്ളതും ശക്തിയുക്തവും കർമ്മനിരതവുമായുള്ളതും വിശുദ്ധ വേദപുസ്തകം മാത്രം.

ലോകാവസാനത്തോടുള്ള ബന്ധത്തിൽ പ്രവചിച്ചിട്ടുള്ള പ്രവചനങ്ങൾ ഭാവിയിൽ നിറവേറപ്പെടുവാനുള്ളതത്രെ. നാം അറിയുന്നതു



**താമസിക്കരുത്, എന്നാൽ നിത്യതക്കുവേണ്ടി നിന്റെ ആത്മാവിനെ ഒരുക്കികൊൾക.**

പോലെ വെളിപ്പെടുവാനുള്ള സംഭവവികാസങ്ങളെക്കുറിച്ച് അജ്ഞതയുള്ള വ്യക്തിക്ക് സുതാര്യമാകും വണ്ണം ഗ്രഹിക്കാവുന്നതല്ലേ തിരുവചനസത്യങ്ങൾ? അത്യന്തം ആപത്ക്കരമായ സംഭവങ്ങളാണ് ഭൂമിയിൽ സംഭവിപ്പാനിരിക്കുന്നത്. അന്ത്യകാലപ്രവചനങ്ങളാണ് ഇനി നിറവേറപ്പെടാനുള്ളത്.

ഈ ലോകം അതിന്റെ ദുഷ്ടതയിലേക്ക് വളർന്നുകൊണ്ടിരിക്കുന്നു. ലോകാന്ത്യത്തിനധികം നാളുകളില്ലെന്ന് സംഭവവികാസങ്ങൾ വിളിച്ചറിയിച്ചുകൊണ്ടിരിക്കുന്നു. അന്ത്യകാലത്തിന്റെ ആസന്നനാളുകളത്രെ ഈ നാളുകൾ. എല്ലാ മനുഷ്യരുടെയും പ്രവർത്തികൾ അനുസരിച്ച് മനുഷ്യവർഗ്ഗത്തെ മുഴുവനും ന്യായം വിധിക്കുവാൻ യേശു വീണ്ടും വരുന്നു. (മത്തായി. 16:27) ആദ്യത്തെ വരവോടുകൂടി പ്രവചനങ്ങൾ നിറവേറപ്പെട്ടതുപോലെ രണ്ടാമത്തെ വരവോടുകൂടി അവശേഷിക്കുന്ന പ്രവചനങ്ങൾ കൂടി നിറവേറപ്പെടും.

ജീവിതചക്രം തിരിയുന്നതനുസരിച്ച് ജനങ്ങൾ ജീവിച്ചുപോകുന്നു. ദൈവത്തെ വിട്ട് പിൻതിരിഞ്ഞ്, ജനങ്ങൾ പാപത്തിൽ ജീവിച്ച് നിത്യതയെക്കുറിച്ച് ചിന്തയില്ലാതെ, ഭയമില്ലാതെ ജീവിക്കുന്നു. 'രാത്രിയിൽ


| | | | | |
|---|---|---|---|---|
| പത്രാധിപലേഖനം | ബൈബിൾ പഠനം: ഭാവകാല ശാസ്ത്രം | ബൈബിൾപഠന ഉപപാഠം: കാലത്തിന്റെ അന്ത്യം | ചോദ്യവും - ഉത്തരവും: സഹസ്രാബ്ദ വാഴ്ച ഉണ്ടായിരിക്കുമോ? | നിങ്ങൾക്കറിയാമോ? തക്കസമയത്തു പറഞ്ഞ വാക്ക്. |
| പേജ് 3 | പേജ് 4 | പേജ് 5 | പേജ് 7 | പേജ് 8 |

# ബൈബിൾ
## എന്തു പഠിപ്പിക്കുന്നു.

**ദൈവവചനം**
2 തിമൊ. 3: 16-17, 2 പത്രൊ. 1: 20, 21,
മത്തായി 24: 35

**സ്നേഹബന്ധം**
മത്തായി 22: 37-40, യോഹ. 14: 21-23,
1 യോഹ. 4: 7-11

**മാനസാന്തരം**
അപ്പൊ. 3: 19, 17: 30, 2 കൊരി. 7:10

**പുതുജനനം**
യോഹ. 3: 3-7, 2 കൊരി. 5: 17,
റോമർ 6 : 1-4, എഫെ. 2: 1, 5-6).

**പാപത്തിൽ നിന്നും സ്വാതന്ത്ര്യം**
1 യോഹ. 5: 18, മത്തായി 1: 21,
യോഹ. 8: 11

**പരിശുദ്ധാത്മ നിറവ്**
അപ്പൊ. 19: 2, 15: 8-9, 1: 8).

**വിശുദ്ധി**
ലൂക്കോ. 1:73-75, എബ്രാ. 12:14,
1 പത്രൊ. 1: 15-16, തീത്തോ. 2: 11, 12, റോമ. 6: 22

**ദൈവരാജ്യം**
ലൂക്കോ. 17 : 20-21, റോമ. 14: 17, യോഹ. 18: 36

**സഭ**
അപ്പൊ. 2: 4-7, എഫെ. 4: 4-6,
1 കൊരി. 12: 12,13, കൊലൊ. 1: 18

**ഐകൃത**
യോഹ. 17: 20-23, ഗലാ. 3: 28,
വെളി. 18: 2-4

**ചട്ടങ്ങൾ**
മത്താ. 28: 19-20, 26: 26-30, 1 കൊരി. 11: 23-27,
യോഹ. 13: 14-17

**ദൈവീക രോഗശാന്തി**
ലൂക്കോ. 4: 18, യെശയ്യ. 53: 4-5,
യാക്കോബ് 5: 13-16

**വിവാഹശുശ്രൂഷ**
മത്താ. 19: 5-6, ലൂക്കോ. 16: 18,
റോമർ 7: 2-3, 1 കൊരി. 7: 10-11

**ബാഹ്യപ്രകടനം**
1 തിമൊ. 2: 9-10, 1 കൊരി. 11: 14-15,
ആവർത്തനം 22: 5

**അന്ത്യകാലം**
2 പത്രൊ. 3: 7-12, യോഹ. 5: 28-29,
2 കൊരി. 5: 10, മത്താ. 25: 31-46

**സാമാധാനവാദം:**
ലൂക്കോസ് 6: 27-29, ലൂക്കോസ് 18: 20

**ആരാധന**
യോഹ. 4: 23-24, എഫെ. 5: 19, 2 കൊരി. 3: 17

**അന്ത്യകല്പന**
മർക്കൊസ് 16: 15

കള്ളൻ' വരുംപോലെ യേശു വീണ്ടും വരും. (2 പത്രോ. 3:10) തികെച്ചും അപ്രതീക്ഷിതമായി ഈ ലോകം അവസാനിക്കുകയും നിത്യപ്രതിഫലത്തിനായും നിത്യദണ്ഡനത്തിനായും സകലരും ഒരുപോലെ, അന്ത്യനാളിൽ കർത്താവിന്റെ ന്യായാസനത്തിന്റെ മുമ്പിൽ നിൽക്കേണ്ടിവരും. (2 കൊരി.5:10) ചിലർ താമസം എന്ന് വിചാരിക്കുംപോലെ കർത്താവ് തന്റെ വാഗ്ദത്തം നിറവേറ്റാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ച് നിങ്ങളോട് ദീർഘക്ഷമ കാണിക്കുന്നതേയുള്ളൂ . (2 പത്രൊ. 3:9)

യേശുവിന്റെ പുനരുത്ഥാനത്തിന് ശേഷം താൻ സ്വർഗ്ഗാരോഹണം ചെയ്യുന്ന വേളയിൽ ദൈവത്തിന്റെ ദൂതൻ, യേശുവിന്റെ ശിഷ്യന്മാരോടായി ഇങ്ങനെ പറഞ്ഞു. "നിങ്ങളെവിട്ട് സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്ക് പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നെ അവൻ വീണ്ടും വരും." എന്നു പറഞ്ഞു. (അപ്പൊ. 1:11) യേശു വീണ്ടും വരും. അവൻ വന്നതിന് ശേഷം, മാനസാന്തരത്തിനോ, പ്രാർത്ഥനയ്ക്കോ, ഒരുക്കം പൂർത്തിയാക്കുവാനോ സമയമില്ല. നിങ്ങൾ ആയിരിക്കുന്ന അതേ അവസ്ഥയിൽ തന്നെ ദൈവ മുമ്പാകെ നിൽക്കേണ്ടിവരും.

"ഇതാ ഞാൻ വേഗം വരുന്നു. ഓരോരുത്തന് അവനവന്റെ പ്രവർത്തിക്ക് തക്കവണ്ണം കൊടുക്കുവാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ട്". (വെളി.22:12) ക്രിസ്തുവിന്റെ വചനം നിങ്ങൾ ശ്രദ്ധിച്ചുവോ? "**ഇതാ ഞാൻ വേഗം വരുന്നു**" പാപപങ്കിലമായ ഈ ലോകത്തിന് ഇനി അധികം നാളുകളില്ല. മനുഷ്യവർഗ്ഗത്തിന് നേരെയുണ്ടായിട്ടുള്ള ദൈവീക ന്യായവിധിയുടെ രീതി സൂചിപ്പിക്കുന്നത് കാലം അതിക്രമിച്ചിരിക്കുന്നു എന്നതാണ്. കാലം തികഞ്ഞിരിക്കുന്നു. ഭാവിയെക്കുറിച്ച് ഒരു ഉറപ്പുമില്ല. ദൈവത്തെ എതിരേല്പാൻ നീ ഒരുങ്ങീട്ടുണ്ടോ?

യേശുവിന്റെ മടങ്ങിവരവ് അതിവേഗം സംഭവിക്കും. നിത്യതയ്ക്കായി നീ ഒരുങ്ങികൊൾക, താമസിക്കരുത്. "ഇപ്പോഴാകുന്നു സുപ്രസാദകാലം, ഇപ്പോഴാകുന്നു രക്ഷാദിവസം" (2കൊരി 6:2) നീ രക്ഷിക്കപ്പെട്ടില്ലാ എങ്കിൽ, ഇപ്പോൾ തന്നെ പാപത്തെ വിട്ട്, ക്രിസ്തുവിന്റെ രക്തത്താൽ കഴുകൽ പ്രാപിച്ച് രക്ഷിക്കപ്പെടുവാനുള്ള അവസരം ഇപ്പോഴാകുന്നു.

MWS

### ഗോസ്പൽ ട്രൂത്ത്

അഖില ലോകത്തുള്ള എല്ലാ ദൈവജനത്തിന്റെയും അഭിവൃദ്ധിക്കുവേണ്ടിയും പ്രോത്സാഹനത്തിനായും വർത്തിക്കുന്ന ഒരു മാസികയാണ് ഗോസ്പൽ ട്രൂത്ത്. ക്രുസിതുവിന്റെയും അപ്പൊസ്തലന്മാരുടെയും ഉപദേശങ്ങൾ ദൈവവചനത്തിന്റെ വെളിച്ചത്തിൽ പഠിപ്പിക്കുന്നു.

വിശ്വാസ നിയമത്തിന്റെ സ്വീകാര്യതയോടുകൂടി ഏകമായി നിലകൊള്ളുന്നതാണ് ദൈവവചനം. ക്രിസ്തുവിന്റെ പ്രായശ്ചിത്ത മരണത്തിലൂടെ പാപത്തിൽ നിന്നും രക്ഷയും വിടുതലും മാത്രമല്ല, ആത്മനിറവിൽ ജീവിതവും നടത്തുവാനും നയിക്കുവാനുമുള്ള ശക്തീകരണം, ജീവിതത്തിന്റെ എല്ലാ തുറകളിലുമുള്ള പ്രായോഗിക ശുദ്ധീകരണം ജനത്തിന്റെ ഐക്യതയും, സത്യത്തിൽ കാണപ്പെടുന്ന സ്നേഹബന്ധവും ദൈവത്തോടുള്ള സേവനബന്ധവുമത്രെ.

### വരിക്കാരനാകാൻ

ദൈവാത്മ പ്രേരണായലും, നടത്തിപ്പിനാലും ഇലക്ട്രോണിക് മീഡിയായിലൂടെ പ്രസിദ്ധീകരിക്കുന്ന ഒരു പ്രസിദ്ധീകരണമാണ് ഗോസ്പൽ ട്രൂത്ത്. PDF ഫോർമാറ്റിൽ ലഭിക്കുന്നതിന് വരിക്കാരനാകാവുന്നതാണ്. Subscribe@thegospeltruth.org എന്നവിലാസത്തിൽ നിങ്ങളുടെ ഇ-മെയിൽ അഡ്രസ്സ് അയച്ച് ആവശ്യപ്പെടാവുന്നതാണ്. താല്പര്യമുള്ള നിങ്ങളുടെ സ്നേഹിതന്മാരുടെയും പേരും ഇ-മെയിൽ അഡ്രസും അയച്ചുതരാവുന്നതാണ്.

### ബന്ധപ്പെടുക

ഗോസ്പൽ ട്രൂത്ത്
കരിക്കം പി.ഒ. കൊട്ടാരക്കര - 691531
കേരള, ഇന്ത്യ
ഫോൺ: 0474 2454309



# പത്രാധിപലേഖനം

''ഞാൻ വേഗം വരുന്നു. നിന്റെ കിരീടം ആരും എടുക്കാതിരിപ്പാൻ തക്കവണ്ണം നിനക്കുള്ളത് പിടിച്ചുകൊൾക'' (വെളി.3:11)

ഈ ഭൂമിയിൽ നമുക്ക് ലഭിച്ചിട്ടുള്ള കാലം എത്രയോ വേഗം കടന്നുപോയിക്കൊണ്ടിരിക്കുന്നു എന്ന ഒരു വലിയ ചിന്താഭാരം എന്റെ അന്തരാത്മാവിൽ ഞാൻ കഴിഞ്ഞ ചില മാസങ്ങളായി ആഴമായി അനുഭവിച്ചറിയുന്നു. കർത്താവ് തന്റെ വരവ് താമസിപ്പിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. തന്റെ വരവിനെക്കുറിക്കുന്ന സന്ദേശം എന്റെ ഉള്ളത്തെ ശക്തമായി ഉണർത്തുന്നു, ജീവിപ്പിക്കുന്നു.

ദൈവം തന്റെ ശിക്ഷാവിധിയാൽ യെരുശലേം പട്ടണത്തെ നശിപ്പിക്കുംമുൻപ്, അനന്യാസ് പ്രവാചകൻ യെരുശലേം പട്ടണവീഥിയിലൂടെ, വരാനിരിക്കുന്ന യെരുശലേമിന്റെ നിത്യനാശത്തെക്കുറിച്ച് പ്രവചനമായി പറഞ്ഞു വിലപിച്ചുകൊണ്ട് നടന്ന സംഭവത്തെക്കുറിച്ച് ഞാൻ നിങ്ങളെ ഓർപ്പിക്കുവാൻ താൽപര്യപ്പെടുന്നു. ''യെരുശലേമേ നിനക്ക് അയ്യോ കഷ്ടം'' എന്ന് പ്രവാചകൻ വിളിച്ചുപറഞ്ഞു. ജനങ്ങൾ അദ്ദേഹത്തെ ഭ്രാന്തൻ എന്ന് പറഞ്ഞു പരിഹസിച്ചു മിണ്ടാതാക്കാൻ ശ്രമിച്ചു. ആ പട്ടണം വളരെ സമാധാനത്തിലും സമ്പദ്സമൃദ്ധിയിലുമാണെന്ന് പുറമേ തോന്നിപ്പിച്ചപ്പോഴും, പ്രവാചകൻ ആവർത്തിച്ചു വിലപിച്ചുപോന്നു. ''അയ്യോ!കഷ്ടം!!'' എന്ന ശബ്ദം കിഴക്കുനിന്നും പടിഞ്ഞാറ് നിന്നും, എന്നു വേണ്ട നാല് ദിക്കുകളിലും യെരുശലേമിന് എതിരായി പ്രതിധ്വനിച്ചുകൊണ്ടിരുന്നു. ഏഴ് വർഷവും അഞ്ചുമാസവും പ്രവാചകൻ തന്റെ സന്ദേശം അറിയിച്ചു. ആ പ്രവചനം നിറവേറപ്പെട്ടു. യെരുശലേം പട്ടണം പെട്ടെന്ന് നശിച്ചു, തകർന്ന് തരിപ്പണമായിത്തീർന്നു.

ജനങ്ങൾ പരിഹസിക്കുകയും ദൂതറിയിക്കുമ്പോൾ നിരുത്സാഹപ്പെടുത്തുകയും ചെയ്യും. എന്നാൽ ആ പ്രവാചകനെപ്പോലെ ആയിരിക്കുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. കാലം തികഞ്ഞിരിക്കുകയാണ്. കർത്താവ് വേഗം വരും. സത്യസന്ധതയോടെ നിനക്കുള്ളത് മുറുകെ പിടിച്ചുകൊൾക. അന്ത്യനാളാണിത് എന്ന ബോധ്യത്തോടെ ദിനംതോറും ജീവിക്ക. അതിശീഘ്രം അന്ത്യനാൾ വന്നിടും. ഈ ലോകം മ്ലേച്ഛതയിൽ നിന്നും അതീവ മ്ലേച്ഛതയിലേക്ക് വളർന്നുകൊണ്ട് പൈശാചിക സ്വാധീനം നമ്മിൽ എല്ലാവരിലേക്കും ഉയർന്നുവരും. എന്നിരുന്നാലും വിശുദ്ധജീവിതം നയിക്കുവാനുള്ള ശക്തിയും ബലവും അപ്പോഴും ക്രിസ്തുയേശുവിലൂടെ നമുക്ക് സാധ്യമാകും. എന്നാൽ നാം ക്രൂശിലേക്ക് കൂടുതൽ അടുത്തിരിക്കണം.

ക്രിസ്തുവിന്റെ രണ്ടാംവരവും യുഗാന്ത്യവും എന്ന വിഷയമാണ് ഇത്തവണത്തെ ഗോസ്പൽ ട്രൂത്തിലൂടെ വിശകലനം ചെയ്യുന്നത്. ധാരാളം തെറ്റിദ്ധാരണകളും ദുരുപദേശങ്ങളും നിറഞ്ഞതാണ് ഈ വിഷയം. നാം ദൈവവചനത്തെ സസൂക്ഷ്മം നിരീക്ഷിക്കുകയും കൃത്യമായി വിഭജിക്കുകയും ചെയ്യേണ്ടതാണ്. തെറ്റിനെ നേരിടുവാൻ, ഏറ്റവും മെച്ചമായ ഉപാധി സത്യം തന്നെയാണ്. പ്രസ്തുത വിഷയം വളരെ വിശ്രുതമാകയാൽ, വിസ്താരഭയം മൂലം ഞാൻ ഈ വിഷയത്തെക്കുറിക്കുന്ന വചനവേദഭാഗങ്ങൾ ആസ്പദമാക്കിയുള്ള വിശദീകരണത്തിന് മുതിരുന്നില്ല. നിർഭാഗ്യവശാൽ, വളരെയധികം ആശയകുഴപ്പുള്ള 'യുഗാന്ത്യ' ഉപദേശവിഷത്തെ സാധൂകരിപ്പാൻ വെളിപ്പാടു പുസ്തകപ്രവചനങ്ങളെ അടിസ്ഥാനമാക്കി വിവരിപ്പാൻ സ്ഥലപരിമിതിയും അനുവദിക്കുന്നില്ല. തിരുവചനം പഠിക്കുമ്പോൾ, വെളിപ്പാട് പുസ്തകത്തിലെ അലങ്കാരഭാഷാ ശൈലിയും പ്രതീകാത്മകമാതൃകയും ദുർഗ്രാഹ്യമായ പ്രവചനങ്ങൾ പഠിക്കുവാൻ വളരെ പ്രധാനപ്പെട്ട ഘടകങ്ങളാണ്. ചില വിവരങ്ങൾ ദൈവം തന്നെ നമുക്ക് നൽകാതെ ബൈബിളിൽ നിന്നും മറച്ചുവച്ചിട്ടുണ്ട്. എന്നാൽ സ്വർഗ്ഗീയമായി മതിയായ വിവരണങ്ങൾ ദൈവം തന്റെ വചനത്തിലൂടെത്തന്നെ നമുക്ക് നൽകുന്നുണ്ട്താനും. അക്ഷരീകമായ ഭാവി രാജ്യത്തിനായി അനേകായിരങ്ങൾ വഞ്ചിക്കപ്പെട്ടുകൊണ്ട് വ്യാജമായി പ്രതീക്ഷിക്കുന്നു. പൂർണ്ണഹൃദയത്തോടെ ദൈവത്തെ പ്രസാദിപ്പിക്കുന്നതിനും തീരുനാമത്തെ അന്വേഷിക്കുന്നതിനും പ്രസ്തുത പ്രതീക്ഷയും വ്യഥാ കാത്തിരുപ്പും ഒരു തടസ്സമായിത്തീരുന്നു.

ആഫ്രിക്കയിൽ നടക്കുന്ന സുവിശേഷവേലയ്ക്കായും ഗോസ്പൽ ട്രൂത്തിലൂടെ ഞങ്ങൾ നടത്തുന്ന ശുശ്രൂഷക്കായും ദൈവീക നടത്തിപ്പിനായും അനുഗ്രഹത്തിനായും തുടർന്നും നിങ്ങൾ പ്രാർത്ഥിച്ചാലും. ദൈവത്തിന്റെ പരിശുദ്ധാത്മാവിൽ ഞങ്ങൾ ദിനംതോറും ആശ്രയിക്കുന്നു.

കാലം തികഞ്ഞു. യേശു വേഗം വരും.

**മൈക്കിൾ ഡബ്ല്യു സ്മിത്ത്.**

ഇന്റർനെറ്റിൽ
കൂടുതൽ
വായിക്കാം.

www.thegospeltruth.org

# ബൈബിൾ പഠനസഹായി

വിഷയം: **ഭാവികാല ശാസ്ത്രം** - യുഗാന്ത്യത്തെക്കുറിച്ചുള്ള വേദപുസ്തക ഉപദേശങ്ങൾ

**വായനഭാഗം:**
*യാക്കോ - 5:8 "നിങ്ങളും ദീർഘക്ഷമയോടിരിപ്പീൻ, നിങ്ങളുടെ ഹൃദയം സ്ഥിരമാക്കുവീൻ. കർത്താവിന്റെ പ്രത്യക്ഷത സമീപിച്ചിരിക്കുന്നു."*

**രത്നചുരുക്കം:** *യേശു കർത്താവിന്റെ രണ്ടാം വരവിൽ ഈ ഭൂമിയിൽ അന്നുവരെ മരിച്ച സകലരും ഉയർത്തെഴുന്നേൽക്കയും എല്ലാവരും ഒരുപോലെ ദൈവത്തിന്റെ ന്യായാസനത്തിൻ മുമ്പാകെ അന്ത്യന്യായവിധിക്കായി നിൽക്കുകയും ചെയ്യും. ഈ ഭൂമി നശിക്കുകയും നീതിമാന്മാർ സ്വർഗ്ഗത്തിലും നീതികെട്ടവർ നരകത്തിലും എന്നെന്നേക്കുമായിത്തീരുകയും ചെയ്യും.*

## I ക്രിസ്തുവിന്റെ രണ്ടാംവരവ്

A യോഹ. 14:28. യേശു വീണ്ടും വരും
B അപ്പൊ. 1:9-11 പ്രത്യക്ഷത
C 1 തെസ്സ 5:2. കള്ളനെപ്പോലെ
D മർക്കൊ. 13:32 സമയം നിശ്ചയമില്ല
E ലൂക്കൊ. 12:40. അപ്രതീക്ഷിതം
F വെളി. 1:7 എല്ലാ കണ്ണും അവനെ കാണും
G 1 തെസ്സ. 4:16. ഗംഭീരശബ്ദത്തോടുകൂടി

## II സാർവ്വത്രികമായ ഏക പുനരുത്ഥാനം

A യോഹ. 5:28-29 കല്ലറകളിലുള്ളവർ എല്ലാവരും
B അപ്പൊ. 24: 15. നീതിമാന്മാരും നീതികെട്ടവരും
C 1 തെസ്സ. 4:16-18. ആദ്യം നീതിമാന്മാർ
D 1 കൊരി. 15:51-53 അക്ഷയരായി ഉയിർക്കും.

## III ഈ ഭൂമിയുടെ നാശം

A 2 പത്രൊ.3:7-12 ഈ ഭൂമി കത്തിയഴിയും
B മത്തായി. 24:35. നീങ്ങിപ്പോകും
C എബ്രായർ. 1:10-11 . നശിക്കും.

## IV പൊതുവായ ന്യായവിധി

A 2 കൊരി. 5:10. സകലരും ന്യായവിധിക്ക് വിധേയരാകും.
B യോഹന്നാൻ. 12:48 അന്ത്യനാളിലെ ന്യായവിധി
C അപ്പൊ. 17:31 ക്രിസ്തുവിനാൽ ലോകം ന്യായം വിധിക്കപ്പെടും.
D 2 തിമൊ. 4:1. ജീവനുള്ളവരുടെയും മരിച്ചവരുടെയും ന്യായവിധി
E റോമർ. 14:10-12 വ്യക്തിപരമായ കണക്ക് കൊടുപ്പ്
F സഭാപ്രസംഗി. 12:14 രഹസ്യന്യായവിധി

## V ന്യായവിധിയുടെ രംഗങ്ങൾ
**(ന്യായവിധി, പ്രതിഫലം, ശിക്ഷാവിധി)**

A മത്തായി. 25: 31-46
B വെളി. 20: 11-15

## VI ശിക്ഷാവിധിയുടെ അളവുകൾ

A റോമർ 2:6 പ്രവൃത്തികൾക്കനുസൃതമായി
B ലൂക്കൊ. 12:47-48. വിവിധ അളവുകൾ/തോതുകൾ
C 2 പത്രൊ. 2:21; എബ്രായർ. 10:29 എന്നീ വചനങ്ങൾ കൂടി കാണുക.

## VII നിത്യദണ്ഡനം - നരകം

A ന്യായവിധി രംഗങ്ങളുടെ വചനങ്ങൾ നോക്കുക
B സങ്കീ. 9:17 - നരകം
C 2 പത്രൊ. 2:9 ശിക്ഷാവിധി
D 2 തെസ്സ. 1:9 എന്നെന്നേക്കുമായി
E മത്തായി. 24:50, 51. വിലാപം
F വെളി. 21:8 . തീയും ഗന്ധകവും
G ലൂക്കൊ. 16: 23-26. നരകയാതന

## VIII നിത്യപ്രതിഫലം - സ്വർഗ്ഗം

A ന്യായവിധിയുടെ രംഗങ്ങൾ കാണുക: നിത്യജീവൻ
B 1 പത്രൊ. 1: 4-5 സ്വർഗ്ഗത്തിലെ അവകാശങ്ങൾ
C 2 കൊരിന്ത്യർ. 5:1 കൈപ്പണിയല്ലാത്ത
D എബ്രായർ. 11:16 ഒരു സ്വർഗ്ഗീയ രാജ്യം.
E വെളി. 7:15-17, കണ്ണുനീരില്ല, വിശപ്പില്ല
F വെളി. 21.22 വിശദവിവരണം

**ഉപസംഹാരം**

വെളി. 22:20 ഇതു സാക്ഷീകരിക്കുന്നവൻ: അതേ ഞാൻ വേഗം വരുന്നു എന്ന് അരുളിചെയ്യുന്നു. ആമേൻ കർത്താവായ യേശുവേ, വരേണമേ.



## പിന്നിൽ ഉപേക്ഷിക്കപ്പെടുമോ ?

സഭയുടെ ഉത്പ്രാപണ ഉപദേശം കാട്ടുതീപോലെയാണ് ഇന്ന് ലോകം മുഴുവനും പടർന്നുപിടിച്ചിരിക്കുന്നത്. 'ഉത്പ്രാപണം' എന്ന വാക്കിന് 'പിടിച്ചെടുക്കുക' 'താങ്ങി എടുത്തുയർത്തുക' എന്നെല്ലാമാണർത്ഥം. ക്രിസ്തുവിന്റെ രണ്ടാം വരവിൽ, താൻ നീതിമാൻമാരായ വിശുദ്ധരെ പിടിച്ചെടുത്തു മധ്യാകാശത്തിൽ ചേർക്കുകയും നീതികെട്ടവരായ പാപികളെ കൈവിടപ്പെട്ടവരായി ഈ ഭൂമിയിൽ ശേഷിപ്പിക്കുമെന്നും അവർ ഇവിടെ മഹോപദ്രവത്തിന് വിധേയരായിത്തീരുമെന്നുമുള്ള പഠിപ്പിക്കലുകൾ ലോകം മുഴുവനുമുള്ള ക്രിസ്തീയ വിശ്വാസികളിൽ പൊതുവായി കാണപ്പെടുന്ന ഒരു ഉപദേശമാണ്.

പ്രസ്തുത ഉപദേശത്തിന് ഉപോൽബലകമായി അവർ ചൂണ്ടികാണിക്കുന്ന വേദഭാഗം, 1 തെസ്സലോനിക്ക്യർക്ക് 4 : 16, 17 വാക്യങ്ങളാണ്. "കർത്താവ് താൻ ഗംഭീര നാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയർത്തെഴുന്നേൽക്കുകയും ചെയ്യും. പിന്നെ, ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേൽക്കുവാൻ മേഘങ്ങളിൽ എടുക്കപ്പെടും."

"ഈ വചനങ്ങളാൽ അന്യോന്യം ആശ്വസിച്ചുകൊൾവീൻ" എന്നു പറഞ്ഞു. തെസലോന്യക്ക്യ, വിശ്വാസികളെ അപ്പൊസ്തലൻ ആശ്വസിപ്പിക്കുവാനായി വരാൻപോകുന്ന മഹത്വപ്രത്യക്ഷതയെ പ്രകടിപ്പിക്കും വിധം പൗലോസ് വിശദീകരിക്കുന്ന സന്ദർഭമാണിത്. ദൈവീകമില്ലാത്ത അവിശ്വാസികളോടല്ല, അപ്പൊസ്തലനിതു പറയുന്നത്. യേശു കർത്താവിന്റെ വാക്കുകൾ ശ്രദ്ധിച്ചാലും കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ട്, നന്മ ചെയ്തവർ ജീവനായും തിന്മചെയ്തവർ ന്യായവിധിക്കായും, പുനരുത്ഥാനം ചെയ്യുവാനുള്ള നാഴികവരുന്നു." (യോഹന്നാൻ. 5:28, 29)

സാർവ്വത്രികമായി ഒരേ ഒരു പുനരുത്ഥാനവും ഒരേ ഒരു ന്യായവിധിയും മാത്രമേയുള്ളു. ആരും ഉപേക്ഷിക്കപ്പെട്ട് പിന്തള്ളപ്പെട്ടുപോകുകയില്ലെന്നും നാമെല്ലാവരും ഒരുപോലെ ദൈവത്തിന്റെ ന്യായസന്നത്തിൽ അന്ത്യനായവിധിക്കായി നിൽക്കേണ്ടിവരുമെന്നത് എത്രയോ വ്യക്തമാണ്.

# കാലത്തിന്റെ അന്ത്യം

### (ബൈബിൾ പഠന ഉപപാഠം)

## ദൈവവചനം നമ്മുടെ വഴികാട്ടി

ക്രിസ്തുവിന്റെ രണ്ടാം വരവും അനുബന്ധ സംഭവങ്ങളും വളരെ പ്രാധാന്യമുള്ളതാണ്. കാലത്തിന്റെ അന്ത്യത്തെക്കുറിച്ച് ധാരാളം പ്രവചനങ്ങൾ ദൈവവചനത്തിൽ ഉണ്ട്. ''ഭാവികാല സംഭവങ്ങളെ സംബന്ധിച്ച് സിദ്ധാന്തങ്ങളും നിഗമനങ്ങളും എങ്ങും എത്തുന്നതല്ല'' (ഡി.എസ്സ്.വാർണർ). വിടാതെ പിടിച്ചിരിക്കുന്ന ബൗദ്ധികവും താത്വികവുമായ സിദ്ധാന്തങ്ങളെക്കാൾ പ്രധാനപ്പെട്ടത്, ഈ വിഷയം മനസ്സിലാക്കുവാൻ ആവശ്യമായിരിക്കുന്നത് ദൈവവചനമാണ്. യേശു മടങ്ങി വരുന്ന സമയത്തിന് തിരുവചനം മുൻഗണന നൽകുന്നു. മരിച്ച എല്ലാവരുടെയും ഒരുമിച്ച പുനരുത്ഥാനം, എല്ലാവർക്കും പൊതുവിലുള്ള ന്യായവിധിയിൽ നിത്യമായ പ്രതിഫലവും ശിക്ഷയും നൽകിയിട്ട് ഈ ഭൂമിയെ നശിപ്പിക്കും.



## ന്യായവിധി

*എന്നാണ എന്റെ മുമ്പിൽ എല്ലാ മുഴങ്കാലും മടങ്ങും. എല്ലാ നാവും ദൈവത്തെ സ്തുതിക്കും എന്ന് കർത്താവ് അരുളിച്ചെയ്യുന്നു.*
*റോമർ.14:11*

## ക്രിസ്തു മടങ്ങിവരും

''ഞാൻ വീണ്ടും വരും'' എന്ന് യേശു ശിഷ്യന്മാരോട് സൂചിപ്പിച്ചു (യോഹ.14:3, 28) യേശു സ്വർഗ്ഗാരോഹണം ചെയ്ത ഉടനെ ദൈവത്തിന്റെ ദൂതന്മാർ ഈ സത്യം വീണ്ടും പ്രഖ്യാപിച്ചു. (അ.പ്ര.1:11) ആരും പ്രതീക്ഷിക്കാത്ത സമയത്ത് കള്ളൻ രാത്രിയിൽ വരുന്നതു പോലെ കർത്താവിന്റെ നാൾ വരും. (1 തെസ്സ.5:2) കർത്താവിന്റെ വരവിന്റെ സമയം സംബന്ധിച്ച് പിതാവല്ലാതെ ആരും, സ്വർഗ്ഗത്തിലെ ദൂതന്മാരും, പുത്രനും കൂടെ അറിയുന്നില്ല (മർക്കൊ.13:32). ഈ കാരണത്താലാണ് എല്ലാ വ്യക്തികളും ജാഗ്രതയോടെ ആയിരിക്കുവാൻ പറയുന്നത്. ''നിനയാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ട് നിങ്ങളും ഒരുങ്ങിയിരിക്കുവിൻ'' (ലൂക്കോ.12:40).

## കാലം അതിന്റെ അന്ത്യത്തിലേയ്ക്ക് വരും

യേശുക്രിസ്തു മടങ്ങിവന്ന് ഈ ലോകത്തിന് അന്ത്യം വരുത്തുന്നത് ആശ്ചര്യമേറിയതും അത്യന്തം ഭയാനകവും ആയിരിക്കും. അന്ന് നീതിമാന്മാർ സന്തോഷിച്ചാർക്കുമ്പോൾ, ദുഷ്ടന്മാർ മലകളോടും കുന്നുകളോടും ഞങ്ങളുടെ മേൽ വീഴുക എന്നു പറഞ്ഞ് നിലവിളിക്കും. യേശുക്രിസ്തു മേഘാരൂഢനായി വരുമ്പോൾ ഏതു കണ്ണും അവനെ കുത്തിത്തുളച്ചവരും അവനെ കാണും. (വെളി.1:7) ''കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വരുകയും ക്രിസ്തുവിൽ മരിച്ചവർ മുമ്പേ ഉയർത്തെഴുന്നേല്ക്കയും ചെയ്യും'' (2 തെസ്സ.4:16). ''മനുഷ്യപുത്രൻ തന്റെ പിതാവിന്റെ മഹത്വത്തിൽ തന്റെ ദൂതന്മാരുമായി വരും, അപ്പോൾ അവൻ ഓരോരുത്തനും അവനവന്റെ പ്രവർത്തിക്കുതക്കവണ്ണം പകരം നൽകും'' (മത്താ.16:27).

## മരിച്ചവർ ഉയർക്കും

യേശു മേഘാരൂഢനായി വരുമ്പോൾ ഭൂലോകത്തിൽ മരിച്ച സകല ആളുകളും ഉയിർത്ത് എഴുന്നേല്ക്കും. ''അന്ത്യകാഹളനാദത്തിങ്കൽ പെട്ടെന്ന് കണ്ണിമയ്ക്കുന്നതിനിടയിൽ നാം എല്ലാവരും രൂപാന്തരപ്പെടും. കാഹളം ധ്വനിക്കും; മരിച്ചവർ അക്ഷയരായി ഉയർക്കുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും''(1 കൊരി.15:52). ചിലർ പഠിപ്പിക്കുന്നത് നീതിമാന്മാർ മാത്രമാണ് ആദ്യം ഉയർക്കുക എന്നാണ്. എന്നാൽ നീതിമാന്മാരുടെയും നീതികെട്ടവരുടെയും പുനരുത്ഥാനം ഒരുമിച്ച് ഉണ്ടാകും (അ.പ്ര.24:15) ''ഇതിങ്കൽ ആശ്ചര്യപ്പെടരുത്; കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ട് നന്മ ചെയ്തവർ ജീവനായും, തിന്മ ചെയ്തവർ ന്യായവിധിക്കായും, പുനരുത്ഥാനം ചെയ്യുവാനുള്ള നാഴിക വരുന്നു''(യോഹ.5:28 –29). നാഴിക എന്ന ഏകവചനമാണ് ഇവിടെ ഉള്ളത്. നാഴികകൾ ഇല്ല.

## ഈ ഭൂമി നശിപ്പിച്ചുകളയും

ഈ ഭൂമി നശിപ്പിച്ചു കളയുമെന്ന് വളരെ വ്യക്തമായി വചനം പഠിപ്പിക്കുന്നു. (മത്താ.24:35, എബ്രാ.1:10–11). ''ഇപ്പോഴത്തെ ആകാശവും ഭൂമിയും അതേ വചനത്താൽ തീക്കായി സൂക്ഷിച്ചും ന്യായവിധിയും ഭക്തികെട്ട മനുഷ്യരുടെ നാശവും സംഭവി

പ്പാനുള്ള ദിവസത്തേക്കു കാത്തുമിരിക്കുന്നു (2 പത്രോ.3:7). കർത്താവ് മനുഷ്യരെ ന്യായം വിധിക്കാൻ വരുമ്പോൾ ആകാശം കൊടുംമുഴക്കത്തോടെ ഒഴിഞ്ഞുപോകും. മൂല പദാർത്ഥങ്ങൾ കത്തി നശിക്കുകയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകുകയും ചെയ്യും. (2 പത്രോ.3:10-12)

## എല്ലാവരും ദൈവത്തിന്റെ മുമ്പാകെ നില്ക്കേണ്ടിവരും

കർത്താവിന്റെ വലുതും, ഭയങ്കരവുമായ ആ ദിവസത്തിൽ അവിടുന്ന് ലോകത്തെ വിധിക്കും. അവിടുത്തെ പ്രത്യക്ഷതയിൽ ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കും ന്യായവിസ്താരം ഉണ്ടാകും. (2 തിമൊ.4:1) സകല ജാതികളും, വംശങ്ങളും, ഭാഷക്കാരും, രാജ്യക്കാരും ദൈവമുമ്പാകെ നില്ക്കേണ്ടതായി വരും. അതത് മതത്തിലെ എല്ലാ വിശ്വാസികളും ക്രിസ്തുവിന്റെ മുമ്പിൽ മുഴങ്കാൽ മടക്കുകയും യേശുവിനെ കർത്താവ് എന്ന് ഏറ്റുപറയുകയും ചെയ്യും. (റോമർ. 14 :10 -12) . ഓരോരുത്തൻ തന്റെ കണക്ക് ബോധിപ്പിക്കുന്ന ആ ദിവസം എത്ര ആശ്ചര്യവും ഭയങ്കരവും ആയിരിക്കും. മനുഷ്യന്റെ സകല പ്രവർത്തിയും സകല രഹസ്യങ്ങളും ന്യായവിസ്താരത്തിലേയ്ക്ക് വരുത്തും (സ.പ്ര.12:14)




## ഒരു അന്ത്യ ന്യായവിധി ഉണ്ടാകും

ന്യായവിധിയുടെ പ്രൗഢമായ ചിത്രം മത്തായി 25:31-46; വെളിപാട് 20:11-15 വാക്യങ്ങൾ വിവരിക്കുന്നു. സകല ജാതികളും അവന്റെ മുമ്പിൽ കൂടും; അവൻ അവരെ ഇടയൻ ചെമ്മരിയാടുകളെയും കോലാടുകളെയും തമ്മിൽ വേർതിരിക്കുന്നതു പോലെ വേർതിരിക്കും (മത്താ.25:32) അന്ന് മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിനു മുന്നിൽ നിൽക്കുകയും , ജീവന്റെ പുസ്തകം തുറന്ന് (വെളി.20:12) വചനം കൈക്കൊള്ളാതെ ക്രിസ്തുവിനെ തള്ളിക്കളയുന്നവരെ ന്യായം വിധിക്കുകയും (യോഹ.12:48) ചെയ്യുമ്പോൾ അവനവൻ ശരീരത്തിൽ ഇരുന്നപ്പോൾ ചെയ്തതിന് തക്കവണ്ണം പ്രതിഫലമോ ശിക്ഷയോ പ്രാപിക്കും (2 കൊരി.5:10)

## ശിക്ഷയിൽ വ്യത്യാസം ഉണ്ട്

നിത്യമായ പ്രതിഫലവും ശിക്ഷയും ന്യായവിധി സമയത്ത് വിഭജിച്ച് നല്കും. നാം ജീവിച്ചിരിക്കുമ്പോൾ ചെയ്യുന്ന പ്രവർത്തികൾക്കനുസരിച്ചാണ് നിത്യതയിലെ നമ്മുടെ ഭാവി. "ഇതാ, ഞാൻ വേഗം വരുന്നു; ഓരോരുത്തനും അവനവന്റെ പ്രവൃത്തിക്കുതക്കവണ്ണം കൊടുക്കുവാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ട്." (വെളി.22:12) നീതിപൂർവ്വമായ ഒരു ന്യായവിധി നടത്തി ദൈവം ഓരോരുത്തന് അവനവന്റെ പ്രവർത്തിക്കു തക്ക പകരം ചെയ്യും. (റോമ.2:6) ദൈവത്തെയും അവിടുത്തെ വചനത്തെയും കൂടുതൽ അറിഞ്ഞിട്ട് അത് തള്ളിക്കളയുന്നവർക്ക് ദൈവത്തെ അറിയാതിരുന്നിട്ട് ലഭിക്കുന്ന ശിക്ഷയെക്കാൾ വലിയ ശിക്ഷ ലഭിക്കും. "യജമാനന്റെ ഇഷ്ടം അറിഞ്ഞിട്ട് ഒരുങ്ങാതെയും അവന്റെ ഇഷ്ടം ചെയ്യാതെയുമിരിക്കുന്ന ദാസന് വളരെ അടികൊള്ളും. അറിയാതെ കണ്ട് അടിക്കു യോഗ്യമായത് ചെയ്തവനോ കുറയ അടികൊള്ളും. വളരെ ലഭിച്ചവനോട് വളരെ ആവശ്യപ്പെടും; അധികം ഏറ്റുവാങ്ങിയവനോട് അധികം ചോദിക്കും" (ലൂക്കോ.12:47-48, 2 പത്രോ.2:21, എബ്രാ.10:26-29; മത്താ. 11:20-24).

## ദുഷ്ടന്മാർ നിത്യമായ നരകത്തിലേക്ക് പോകും.

നീതികെട്ടവരെയും മലിനമോഹം കൊണ്ട് ജഡത്തെ അനുസരിച്ചു നടക്കുന്നവരെയും ന്യായവിധി ദിവസത്തിലെ ദണ്ഡനത്തിനായി ദൈവം കാക്കുന്നു (2 പത്രോ.2:9). ദുഷ്ടന്മാരും ദൈവത്തെ മറക്കുന്ന സകല ജാതികളും പാതാളത്തിലേയ്ക്ക് തിരിയും (സങ്കീ.9:17) പാതാളം നിത്യമായ നാശത്തിന്റെ സ്ഥാനമാണ് (2 തെസ്സ.1:10). അത് തീയും ഗന്ധകവും കത്തുന്ന പൊയ്ക എന്ന് പ്രതീകാത്മകമായി വെളിപാട് 21:8ൽ വിവരിച്ചിരിക്കുന്നു. ശപിക്കപ്പെട്ടവരെ പിശാചിനും അവന്റെ ദൂതന്മാർക്കുമായി ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്ക് എന്നെ വിട്ട് പോകുവിൻ എന്ന് യേശു ദുഷ്ടന്മാരോട് പറയും (മത്താ.25:41). അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും (മത്താ.25:51) നന്മകൾ ഇല്ലാതിരുന്നാൽ നിത്യമായ വേദനയുടെയും കഷ്ടതയുടെയും ഓർമ്മയുടെയും അന്ധകാരത്തിന്റെയും ലോകത്തുനിന്ന് രക്ഷപ്പെടുവാൻ ഒരിക്കലും സാധിക്കുകയില്ല.

## രക്ഷിക്കപ്പെട്ടവർ സ്വർഗ്ഗത്തിൽ എന്നേക്കുമായി പ്രവേശിക്കും.

ദുഷ്ടന്മാർ നിത്യദണ്ഡനത്തിലേയ്ക്ക് പോകുമ്പോൾ നീതിമാന്മാർ നിത്യജീവനിലേയ്ക്ക് പ്രവേശിക്കും (മത്താ.24:26). ക്ഷയം, മാലിന്യം, വാട്ടം എന്നിവ ഇല്ലാത്ത അവകാശം വീണ്ടും ജനിച്ചവർക്ക് സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്നു (2 പത്രോ.1:4). ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനമുള്ളതുമായ നഗരം (എബ്ര.11:10). മനുഷ്യന് വാക്കുകൾ കൊണ്ട് വർണ്ണിക്കുവാൻ സാധ്യമല്ല (2 കൊരി.12:4). നീതിമാന്മാരുടെ നല്ല പ്രവർത്തികൾക്ക് പ്രതിഫലമായി ലഭിക്കുന്ന, മാലാഖമാരാൽ മനോഹരമായ, ആ നഗരം വെളിപാട്.21,22 അദ്ധ്യായങ്ങളിൽ വർണ്ണിക്കുന്നു.

# ചോദ്യവും ഉത്തരവും

**ചോദ്യം: സഹസ്രാബ വാഴ്ച ഉണ്ടായിരിക്കുമോ?**

**ഉത്തരം:** യേശുക്രിസ്തുവിന്റെ രണ്ടാം വരവുമായി ബന്ധപ്പെട്ട് വളരെ തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്ന ഒരു വിഷയമാണ് ഇത്. ഇല്ല എന്നാണ് ഈ ചോദ്യത്തിന് ഉത്തരം. സഹസ്രാബ്ദ വാഴ്ച ഉണ്ടായിരിക്കയില്ല.

ക്രിസ്തു മടങ്ങിവന്ന് ഭൂമിയിൽ ആയിരം വർഷം ഭരണം നടത്തും എന്ന വിഷയത്തിൽ വിവിധ ക്രിസ്തീയ വിഭാഗങ്ങൾക്കിടയിൽ ഭിന്നഅഭിപ്രായമാണ് ഉള്ളത്. അന്ത്യന്യായവിധിക്കു മുമ്പായി യെരുശലേം കേന്ദ്രമാക്കി ക്രിസ്തു ലോകരാജ്യങ്ങളെ ആയിരം വർഷം ഭരിക്കും എന്ന് ഒരു വിഭാഗം ആളുകൾ വിശ്വസിക്കുന്നു. ഇത് ക്രിസ്തുവിന്റെ രണ്ടാംവരവിനോട് ബന്ധപ്പെട്ട വചനഭാഗങ്ങൾക്കും ദൈവരാജ്യത്തിനും വിപരീതമായ പഠിപ്പിക്കലാണ്.

ക്രിസ്തു ഇപ്പോൾ തന്നെ അവിടുത്തെ രാജ്യം സ്ഥാപിച്ചിരിക്കുന്നതു കൊണ്ട് ഇനിയും **ആയിരമാണ്ട് വാഴ്ച ആവശ്യമില്ല.** യോഹന്നാൻ 18:30-ൽ യേശു പറഞ്ഞു. "എന്റെ രാജ്യം ഐഹീകമല്ല; എന്റെ രാജ്യം ഐഹീകം ആയിരുന്നു എങ്കിൽ എന്നെ യഹൂദന്മാരുടെ കയ്യിൽ ഏല്പിക്കാതക്കവണ്ണം എന്റെ ചേവകർ പോരാടുമായിരുന്നു." ദൈവരാജ്യം എപ്പോൾ വരുന്നു എന്നു പരീശന്മാർ ചോദിച്ചതിന് ദൈവരാജ്യം കാണത്തക്കവണ്ണമല്ല വരുന്നത്; ഇതാ ഇവിടെ എന്നും അതാ അവിടെ എന്നും പറയുകയും ഇല്ല, ദൈവരാജ്യം നിങ്ങളുടെ ഇടയിൽ തന്നേ ഉണ്ടല്ലോ എന്ന് അവൻ ഉത്തരം പറഞ്ഞു. (ലൂക്കോ.17:20-21). ദൈവരാജ്യം എന്നത് ആത്മീയ സാമ്രാജ്യമാണ്. ദൈവരാജ്യം ഭക്ഷണവും പാനീയവുമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവും അത്രേ (റോമ.14:17). ക്രിസ്തുവിന്റെ ഒന്നാമത്തെ വരവിങ്കൽ വിശ്വാസികളുടെ ഹൃദയത്തിൽ ക്രിസ്തുവിന്റെ രാജ്യം സ്ഥാപിക്കപ്പെട്ട്, അവർ വാഴുന്നു (റോമ.5:17). ഒന്നാമത്തെ വരവോടുകൂടി ഈ ലോകത്തിലെ തന്റെ പ്രവൃത്തി തീർന്നു. "ഞാൻ ഭൂമിയിൽ നിന്നെ മഹത്വപ്പെടുത്തി നീ എനിക്ക് ചെയ്യുവാൻ തന്ന പ്രവർത്തി തികച്ചിരിക്കുന്നു. (യോഹ.17:4)

ഭാവിയിൽ ക്രിസ്തു ദാവീദിന്റെ സിംഹാസനത്തിലിരുന്ന് ആയിരം സംവത്സരം ഭൂമിയിൽ ഭരണം നടത്തുന്നത് കാത്തിരിക്കുന്നത് സിദ്ധാന്തപരമായി തെറ്റാണ്.

*തിരുവചന പ്രകാരം സഹസ്രാബ്ദ വാഴ്ച ആവശ്യമില്ല, സഹസ്രാബ്ദ വാഴ്ചയ്ക്കുള്ള സമയം ഇല്ല.*



*സഹസ്രാബ്ദ വാഴ്ചയ്ക്കുള്ള സ്ഥലവും ഇല്ല.*

ദാവീദിന്റെ സിംഹാസനം വളരെ പണ്ടുതന്നെ നശിപ്പിക്കപ്പെട്ടു. ദാവീദിന്റെ സിംഹാസനം പ്രതിനിധീകരിക്കുന്നത് രാജത്വവും പരമാധികാരവും ആണ്. യഹൂദന്മാരുടെ രാജാവായിട്ടാണ് യേശു ജനിച്ചത്. (മത്താ.2:2) യേശു യെരുശലേമിലേയ്ക്ക് പ്രവേശിച്ചപ്പോൾ അനേകർ ഹോശന്നാ, കർത്താവിന്റെ നാമത്തിൽ വരുന്നവർ വാഴ്ത്തപ്പെട്ടവൻ; വരുന്നതായ രാജ്യം, നമ്മുടെ പിതാവായ ദാവീദിന്റെ രാജ്യം വാഴ്ത്തപ്പെടുമാറാകട്ടെ; "അത്യുന്നതങ്ങളിൽ ഹോശന്നാ" എന്ന് ആർത്തുകൊണ്ടിരുന്നു (മർക്കോ.11:9-10

**ക്രിസ്തു മടങ്ങി വരുമ്പോൾ സഹസ്രാബ്ദ വാഴ്ചയ്ക്കു സമയം ഉണ്ടാകുകയില്ല.** ഒടുക്കത്തെ നാളിൽ എല്ലാവർക്കും ഒറ്റ പുനരുത്ഥാനമാണ് ഉള്ളത് (യോഹ.5:28-29; (നാഴിക) 6:39-40, 44,54).നീതിമാന്മാർക്കും ദുഷ്ടന്മാർക്കും വേറെ വേറെ പുനരുത്ഥാനം ഇല്ല. ക്രിസ്തു വരുമ്പോൾ എല്ലാവരെയും ഒരുമിച്ച് ന്യായം വിധിക്കുമ്പോൾ (മത്താ.25:31-34, 41,46) അവർ നിത്യമായ പ്രതിഫലം പ്രാപിക്കും. ഇതെല്ലാം സംഭവിക്കുന്നത് അവസാന ദിവസമാണ്.

**ക്രിസ്തുവിന്റെ മടങ്ങി വരവിനു ശേഷം ഒരു സഹസ്രാബ്ദ വാഴ്ചയ്ക്കുള്ള സ്ഥലവും ഇല്ല.** 2 പത്രോസ് 3:7,10 വാക്യങ്ങൾ പരിഗണിച്ചാൽ "ഇപ്പോഴത്തെ ആകാശവും ഭൂമിയും അതേ വചനത്താൽ തീക്കായി സൂക്ഷിച്ചും ന്യായവിധിയും ഭക്തികെട്ട മനുഷ്യരുടെ നാശവും സംഭവിപ്പാനുള്ള ദിവസത്തേക്കു കാത്തുമിരിക്കുന്നു. .......(10) കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും. അന്ന് ആകാശം കൊടുംമുഴക്കത്തോടെ ഒഴിഞ്ഞുപോകും; മൂലപദാർത്ഥങ്ങൾ കത്തിയഴികുകയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകുകയും ചെയ്യും. കർത്താവിന്റെ വരവിങ്കൽ ഈ ലോകം അഗ്നിയാൽ നശിക്കപ്പെടുമെന്ന് വചനം വ്യക്തമാക്കുന്നു. ഇത് അന്ത്യനാളിൽ കർത്താവ് കള്ളനെപ്പോലെ വരുന്ന നാളിൽ സംഭവിക്കും.

തിരുവചനപ്രകാരം സഹസ്രാബ്ദ വാഴ്ചയുടെ ആവശ്യം ഇല്ല, അതിനുള്ള സമയം ഇല്ല, അതിനുള്ള സ്ഥലവും ഇല്ല. സഹസ്രാബ്ദ വാഴ്ച പഠിപ്പിക്കുന്നത് ശത്രുവിന്റെ വഞ്ചനയാണ്. അനേകരും ഭാവിയിൽ മറ്റൊരു അവസരം പ്രതീക്ഷിച്ച് കാത്തിരിക്കുന്നു. എന്നാൽ ഇനി മറ്റൊരു അവസരം ഇല്ല. ഇപ്പോഴാണ് രക്ഷാദിവസം. ഇപ്പോഴാണ് ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ ഒരുങ്ങുവാനുള്ള സമയം.

Printed matter only
**MALAYALAM EDITION**

**നിങ്ങൾക്ക് അറിയാമോ?**

**ദൈവവചനം:** അപ്ര.2:27 നീ എന്റെ പ്രാണനെ പാതാളത്തിൽ വിടുകയില്ല; നിന്റെ പരിശുദ്ധനെ ദ്രവത്വം കാണ്മാൻ സമ്മതിക്കുകയില്ല. (അനുബന്ധവാക്യം: സങ്കീർത്തനം.16:10)

ഈ വാക്യത്തിലെ 'പാതാളം' എന്ന വാക്ക് 'Sheol- ഷിയോൾ' എന്ന എബ്രായ പദത്തിനും, 'Hades- ഹെയ്ഡ്സ് 'എന്ന ഗ്രീക്ക് പദത്തിനും സമാനമാണ്. ശവ ക്കുഴി, മരിച്ചവരുടെ സ്ഥിതി, വേർപെട്ടുപോയ ആത്മാക്കളുടെ സ്ഥലം എന്നൊക്കെ ഈ വാക്ക് അർത്ഥമാക്കുന്നു.



യേശുക്രിസ്തു മരിച്ചപ്പോൾ അവിടുന്ന് പിശാചുക്കളുടെ വാസസ്ഥലമായ നരകത്തിലേയ്ക്ക് പോയില്ല. ക്രിസ്തുവിന്റെ പ്രാണൻ ഇമ്പങ്ങളുടെ സ്ഥലമായ പറുദീസയിലേയ്ക്കാണ് പ്രവേശിച്ചത്.

ഇന്നു നീ എന്നോടു കൂടെ പറുദീസയിൽ ഇരിക്കും എന്ന് ക്രൂശിലെ കള്ളനോട് യേശു പറഞ്ഞുവല്ലോ (ലൂക്കോ. 23:43)

**തക്കസമയത്ത് പറഞ്ഞ വാക്ക്**

## നിന്റെ യജമാനന്റെ സന്തോഷത്തിലേയ്ക്ക് പ്രവേശിക്കുക.

മത്തായി 25:23 അതിനു യജമാനൻ നന്നു, നല്ലവനും, വിശ്വസ്തനുമായ ദാസനെ നീ അല്പത്തിൽ വിശ്വസ്തനായിരുന്നു; ഞാൻ നിന്നെ അധികത്തിനും വിചാരകനാക്കും; നിന്റെ യജമാനന്റെ സന്തോഷത്തിലേയ്ക്കു പ്രവേശിക്കുക.



ന്യായവിധി ദിവസത്തിൽ എത്ര ആശ്ചര്യകരമായ വാക്കുകളാണ് വിശ്വസ്തരായ ദൈവദാസന്മാർ കേൾക്കുക. "നിന്റെ യജമാനന്റെ സന്തോഷത്തിലേയ്ക്കു പ്രവേശിക്കുക". ദൈവത്തിന്റെ ജനത്തിനുവേണ്ടി ദൈവം ഒരുക്കിയിരിക്കുന്ന സ്ഥലത്തു പ്രവേശിക്കുമ്പോൾ ഈ ലോകത്തിലെ കഷ്ടതകളും, വേദനകളും, നിരാശയും, ക്ഷീണവും എല്ലാം മാറും.

ദൈവത്തിന്റെ ജനത്തിന് സ്വർഗ്ഗത്തെക്കുറിച്ചുള്ള പ്രതീക്ഷ കൂടുതൽ കൂടുതൽ ശോഭനമാകണം. മേലാൽ മരണം ഇല്ലാത്ത, ദുഃഖം ഇല്ലാത്ത, കണ്ണുനീരില്ലാത്ത, രോഗം ഇല്ലാത്ത, പരീക്ഷ ഇല്ലാത്ത, പ്രശ്നങ്ങൾ ഇല്ലാത്ത ഒരു ദിവസം വരുന്നു. രാജാധി രാജാവും കർത്താധി കർത്താവുമായവന്റെ മുമ്പിൽ മഹത്വവും, മനോഹരവും, സന്തോഷവുമുള്ള ദിവസം വരുന്നു.

വെളിച്ചത്തിന് സൂര്യന്റെ ആവശ്യം ഇല്ല. മനസ്സ് ഗ്രഹിക്കുന്നതിലും, ശരീരത്തിന് ഉൾക്കൊള്ളുവാൻ കഴിയുന്നതിലും അപ്പുറമായ ഒരു മാഹാത്മ്യം ദൈവത്തിന്റെ ജനത്തിന് ഉണ്ടാകും. അതിനാൽ ദൈവത്തിന്റെ വിശുദ്ധന്മാർക്ക് സ്വർഗ്ഗത്തിലെ നിത്യത അനുഭവിക്കുവാൻ മഹത്വീകരിക്കപ്പെട്ട ശരീരം പുനരുത്ഥാന നാളിൽ ലഭിക്കും.

ദൈവത്തിന്റെ വേലക്കാരാ വിശ്വസ്തതയും ഉറപ്പും ഉള്ളവനായിരിക്ക. സ്വർഗ്ഗം അതെല്ലാം കണക്കിടും.

MWS

**Contact:**
The Editor
Gospel Truth
Karickam P.O
Kottarakara
Kerala 691531
India

**ബന്ധപ്പെടുക**
പത്രാധിപർ
ഗോസ്പൽ ട്രൂത്ത്
കരിക്കം പി.ഒ.
കൊട്ടാരക്കര – 691531
കേരള.

ദൈവ നാമം മഹത്വപ്പെടട്ടെ.

Chief Editor **Michael W. Smith** | Malayalam Editor: **Mathew Joseph** | Asst. Editor **Baby Mathew** | Publisher: **Biju J. Varghese**